പ്രീമെട്രിക്, പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നവർക്ക് നല്കാനുള്ള തുക

15 (*447) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നവർക്ക് യഥാസമയം അതിന്റെ വില കൊടുക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാസമയം സാധനങ്ങളുടെ വില കൊടുക്കാത്തതുകൊണ്ട് സാധനം ലഭിക്കാതെ വരാറുണ്ടോ ;

(സി) അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ അന്തേവാസികൾക്ക് ഭക്ഷണം കൊടുക്കുന്നത് എപ്രകാരമാണ് എന്ന് വിവരിക്കാമോ ;

(ഡി) ഇപ്പോൾ എല്ലാ ഹോസ്റ്റലുകളിലുമായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നവർക്ക് എന്തു തുക കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഇപ്പോൾ ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയിട്ടുണ്ട്. ഇവിടങ്ങളിലെ വിദ്യാർത്ഥികളുടെ ഭക്ഷണം, ട്യൂഷൻ എന്നീ കാര്യങ്ങൾ അതാതു പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്.

(ബി) ഉണ്ട്. പ്രതിമാസ സാമ്പത്തികപരിധി (മന്തിലി സീലിംഗ്) യഥാസമയം അനുവദിച്ച് കിട്ടുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്.

(സി) അങ്ങനെയുള്ള അവസരങ്ങളിൽ നിശ്ചിത, 'മെനു' അനുസരിച്ചുള്ള ആഹാരം നല്കുവാൻ കഴിയാറില്ല. ഇത്തരം സന്ദർഭങ്ങളിൽ ഹോസ്റ്റൽ വാർഡൻമാരും വകുപ്പുദ്യോഗസ്ഥരും മുൻകൈയെടുത്ത് പുതിയ ഏജൻസികളിൽ നിന്നും ഡിപ്പാർട്ടുമെന്റൽ സ്റ്റോറുകളിൽ നിന്നും കടം വാങ്ങിച്ചും ചില ജീവനക്കാർ സ്വന്തം പണം മുടക്കിയും ഭക്ഷണം മുടക്കം കൂടാതെ നല്കുന്നുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 18 പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലും കുടിശ്ശിക ഇല്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള [illegible] പ്രീമെട്രിക് ഹോസ്റ്റലുകളിലായി 45.82 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്. [illegible] വികസന വകുപ്പിന്റെ കീഴിലുണ്ടായിരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ ഭക്ഷണം, ട്യൂഷൻ തുടങ്ങിയവ പൂർണ്ണമായും അതാതു പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly